WEBSITE: www.keralapsc.gov.in

E-mail:kpsc.psc@kerala.gov.in
Telephone No: 0471-2447201.

# കേരള പബ്ലിക് സർവീസ് കമ്മീഷൻ

## ഫസ്റ്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ / ഹെഡ് ഡ്രാഫ്റ്റ്സ്മാൻ വകുപ്പുതല പരീക്ഷ (Departmental Test) – Special Test (MAY 2019)

## ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. പരീക്ഷാർത്ഥികൾ പരീക്ഷ ആരംഭിക്കുന്നതിന് അരമണിക്കൂർ മുമ്പുതന്നെ പരീക്ഷാ ഹാളിൽ എത്തിച്ചേരേണ്ടതാണ്. പരീക്ഷ ആരംഭിച്ച ശേഷം ആരെയും പരീക്ഷാ ഹാളിൽ പ്രവേശിപ്പിക്കുന്നതല്ല.

2. ഫസ്റ്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ ടെസ്റ്റിന്റെ പേപ്പർ I പരീക്ഷയ്ക്ക് 4 മണിക്കൂറും (രാവിലെ 09.00 മുതൽ 01.00 വരെ), പേപ്പർ II ന് 2 മണിക്കൂറും (09.00 മുതൽ 11.00 വരെ), ഹെഡ് ഡ്രാഫ്റ്റ്സ്മാൻ ടെസ്റ്റിന് 3 മണിക്കൂറും (രാവിലെ 09.00 മുതൽ 12.00 വരെ) ആയിരിക്കും സമയദൈർഘ്യം. വകുപ്പുതല പരീക്ഷയുടെ പേപ്പർ I ന് (19.12.2019) പരീക്ഷാർത്ഥികൾക്ക് സയന്റിഫിക് കാൽക്കുലേറ്റർ, Chambers' Mathematical Tables, Boileaus Tables എന്നിവ ഉപയോഗിക്കാവുന്നതാണ്.

3. പരീക്ഷാ സമയത്ത് പരീക്ഷാർത്ഥികൾ ഹാജരാക്കുന്ന അഡ്മിഷൻ ടിക്കറ്റിൽ സാക്ഷ്യപ്പെടുത്തിയ മേലധികാരിയുടെ ഒപ്പ്, പേര്, ഔദ്യോഗിക പദവി, ഓഫീസ് മുദ്ര, പരീക്ഷാർത്ഥിയുടെ ഒപ്പ് എന്നിവ നിശ്ചിത സ്ഥാനങ്ങളിൽ ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ന്യൂനത ഉള്ള അഡ്മിഷൻ ടിക്കറ്റ് ഹാജരാക്കുന്ന പരീക്ഷാർത്ഥികളെ പരീക്ഷ എഴുതാൻ അനുവദിക്കുന്നതല്ല. മൊബൈൽ ഫോൺ, മറ്റ് ഇലക്ട്രോണിക് ആശയവിനിമയ ഉപകരണങ്ങൾ എന്നിവ പരീക്ഷാ കേന്ദ്രത്തിൽ നിരോധിച്ചിരിക്കുന്നു.

4. പ്രസ്തുത വകുപ്പുതല പരീക്ഷ വിവരണാത്മക രീതിയിൽ ആയതിനാൽ എഴുത്തുപരീക്ഷയുടെ മറ്റ് നിർദ്ദേശങ്ങൾ എല്ലാം തന്നെ ഈ പരീക്ഷയ്ക്കും ബാധകമാണ്. ഉത്തരക്കടലാസിന്റെ Facing Sheet – ൽ നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

5. With books പരീക്ഷകൾക്ക് അനുവദിച്ചിട്ടുള്ള ഗവൺമെന്റ് പബ്ലിക്കേഷൻ പുസ്തകങ്ങൾ മാത്രം ഉപയോഗിക്കേണ്ടതാണ്. ഗൈഡുകൾ, ഗവൺമെന്റ് ഇതര പ്രസിദ്ധീകരണങ്ങൾ മുതലായവ ഉപയോഗിക്കാൻ പാടുള്ളതല്ല.

6. പരീക്ഷാ ജോലിയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് അപമര്യാദയായി പെരുമാറുന്നവരുടെ ഉത്തരക്കടലാസുകൾ അസാധുവാക്കുന്നതും അവർക്കെതിരെ കമ്മീഷൻ ഉചിതമായ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതുമാണ്.

കുറിപ്പ്:- പരീക്ഷ സംബന്ധിച്ചുള്ള മറ്റു നിർദ്ദേശങ്ങൾക്കായി ഗസറ്റുവിജ്ഞാപനം കാണുക.

*PS- DE III/28.11.2019*